

THURSDAY 08/05/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA



**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/05/2025

1. കൃഷിവകുപ്പിന് കീഴിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം എസ്.എഫ്.എ.സി. നടപ്പാക്കുന്ന ഫോർമേഷൻ ആൻ്റ് പ്രമോഷൻ ഓഫ് എഫ്.പി.ഒ. എന്ന പദ്ധതി അനുസരിച്ചുള്ള ആനുകൂല്യത്തിനായി തിരുവനന്തപുരം ജില്ലയിൽ നിന്ന് 6303 എഫ്.പി.ഒ.യെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് താല്പര്യമുള്ള എഫ്.പി.ഒ.കൾ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷഫോറവും അനുബന്ധ രേഖകളും 09.05.2024 ന് വൈകുന്നേരം 4.30 ന് മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിൻ്റെ മാതൃകയും മറ്റ് വിശദാംശങ്ങളും കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്നതാണ്.

2. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ ഫോൺ നമ്പർ. 9778436265/ 0487 243 8332/ 8330801782/ 9496108185, e -mail: rabi@kau.in

3. കുമിൾരോഗങ്ങൾമൂലം ഇലകൾ നഷ്ടപ്പെടുന്നത് റബ്ബർതോട്ടങ്ങളിൽ 30 ശതമാനത്തിലധികം ഉത്പാദനനഷ്ടം ഉണ്ടാക്കുന്നതായി കണക്കാക്കുന്നു. മഴക്കാലത്താണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുമിൾരോഗങ്ങൾ കൂടുതലായി ബാധിക്കുന്നത്. ഈ വർഷം വേനൽമഴ കൂടുതലായി ലഭിക്കുന്നത് കുമിൾരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂട്ടും. അതുകൊണ്ട് റബ്ബർകർഷകർ മഴക്കാലത്തിനു മുമ്പുതന്നെ മരുന്നുതളി നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. പ്രതിരോധനടപടിയായി മരുന്നുതളിക്കുന്നത് മഴക്കാലത്ത് ഇലകൾക്ക് കുമിൾരോഗങ്ങളിൽ നിന്ന് സംരക്ഷണം നൽകും. കേരളത്തിൽ സാധാരണമായി മഴക്കാലം തുടങ്ങുന്നത് ജൂൺ മാസത്തിൽ ആയതിനാൽ മെയ് മാസത്തിൽ തന്നെ മരുന്നുതളി നടത്താൻ പ്രത്യകം ശ്രദ്ധിക്കണം. ചെറുകിടകർഷകർക്ക് തങ്ങളുടെ തോട്ടത്തിൽ മരുന്നുതളി നടത്തുന്നതിനായി റബ്ബർബോർഡ് ഹെക്ടർ പ്രതി 4000 രൂപയുടെ സാമ്പത്തികസഹായം റബ്ബറുത്പാദകസംഘങ്ങളിലൂടെ നൽകുന്നുണ്ട്. കൃത്യ സമയത്തുതന്നെ മരുന്നുതളി നടത്തി ഈ ആനുകൂല്യം കൈപ്പറ്റാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് - റബ്ബർബോർഡ് കോൾസെന്ററർ ഫോൺ - 0481 2576622 ഡോ. ഷാജി ഫിലിപ്പ് - ഫോൺ 9446386838, എഡ്വിൻ പ്രേം - ഫോൺ 9447568030

4. കേരള മൃഗസംരക്ഷണ വകുപ്പ് ക്ഷീര കർഷകർക്കായി കറവ പശുക്കൾക്ക് സബ്സിഡി നിരക്കിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. 65,000 രൂപ വിലയുള്ള ഉരുക്കൾക്ക് ഒരു വർഷ പ്രീമിയം 2,912 രൂപയിൽ ജനറൽ വിഭാഗം കർഷകർ 1,356 രൂപയും എസ് സി, എസ് ടി വിഭാഗം കർഷകർ 774 രൂപയും 3 വർഷ ഇൻഷ്വറൻസ് പരിരക്ഷക്ക് 7,136 രൂപ പ്രീമിയത്തിൽ ജനറൽ വിഭാഗം കർഷകർ 3,318 രൂപയും എസ് സി, എസ് ടി വിഭാഗം കർഷകർ 1,890 രൂപയും അടക്കണം. കൂടുതൽ വിവരങ്ങൾക്ക് കർഷകർ അതത് സ്ഥലത്തെ വെറ്ററിനറി സ്ഥാപനങ്ങളുമായി നേരിട്ടോ അല്ലെങ്കിൽ cruekm.ahd@kerala.gov.in വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. വെള്ളാനിക്കരയിലെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള സെൻ്ററർ ഫോർ ഇ-ലേണിംഗ് (സിഇഎൽ) **'കാഡ് ഉപയോഗിച്ചുള്ള ലാൻഡ്സ്കേപ്പ് ഡിസൈനിൻ്റെ അടിസ്ഥാനങ്ങൾ'** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2025 മെയ് 12 മുതൽ 16 വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെയാണ് പരിശീലനം. രജിസ്ട്രേഷനുള്ള അവസാന തീയതി 2025 മെയ് 9 ആണ്. പരിശീലന ഫീസ് 1000 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0487 2438565, 8547837256, 9495943875 എന്നീ ഫോൺ നമ്പറുകളിലോ celkau. in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

6. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 12 മുതൽ 14 വരെ രാവിലെ 10 മുതൽ 4 മണി വരെ FARM IMPLEMENTS AND MACHINERY എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0466 2212279, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം ജില്ലയിൽ മൊബൈൽ സർജറി യൂണിറ്റിൽ സർജറി ബിരുദാനന്തര ബിരുദമുള്ള വെറ്ററിനറി ഡോക്ടറുടെ ഒരു ഒഴിവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഇന്ന് (08.05.2025) ഉച്ചയ്ക്ക് 2 മണിക്ക് തമ്പാനൂർ എസ്എസ് കോവിൽ റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫി സിൽ അഭിമുഖം നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2330736.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം